## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 89      01-12-2014-ൽ മറുപടിയ്ക്ക്

### 'മദ്യവിമുക്ത കേരളം' പദ്ധതി

ചോദ്യം:

ശ്രീ. സി.പി. മുഹമ്മദ്
ശ്രീ. ബെന്നി ബെഹനാൻ
ശ്രീ.എ.റ്റി. ജോർജ്
ശ്രീ. ജോസഫ് വാഴയ്ക്കൻ

ഉത്തരം:

ശ്രീ. കെ. ബാബു
(മത്സ്യബന്ധനവും, തുറമുഖവും
എക്സൈസും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | 'മദ്യവിമുക്ത കേരളം' പദ്ധതി നടപ്പാക്കിത്തുടങ്ങിയോ എന്ന് വ്യക്തമാക്കുമോ; | (എ) | എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനത്തോടൊപ്പം വിവിധ മദ്യവിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്തെ മദ്യവിമുക്തമാക്കുന്നതിനുള്ള നടപടികൾ നടപ്പിലാക്കിവരുന്നു. |
| (ബി) | പ്രസ്തുത പരിപാടിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ; | (ബി) | മദ്യത്തിന്റെ ദൂഷ്യഫലങ്ങൾ സംബന്ധിച്ച ആശയങ്ങൾ സമൂഹത്തിന്റെ നാനാതുറകളിലും എത്തിക്കുകയും, മദ്യത്തിന്റെ ലഭ്യത കുറച്ച് ഘട്ടംഘട്ടമായി 'മദ്യവിമുക്ത കേരളം' എന്ന ലക്ഷ്യത്തിലേക്ക് എത്തിച്ചേരുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യം. |
| (സി) | സ്കൂൾ - കോളേജ് കാമ്പസുകളിൽ മദ്യാസക്തിക്കെതിരെ ബോധവൽക്കരണം നടത്തുന്നതിനും മദ്യവിരുദ്ധനയ പരിപാടികൾ സംബന്ധിച്ചുള്ള വിവരങ്ങൾ എല്ലാ കുടുംബങ്ങളിലും എത്തിക്കുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (സി) | മദ്യത്തിന്റെയും മറ്റ് ലഹരി വസ്തുക്കളുടെയും ദൂഷ്യവശങ്ങളെക്കുറിച്ച് വിദ്യാർത്ഥികളേയും യുവാക്കളേയും പൊതുജനങ്ങളേയും ബോധവാൻമാരാക്കാൻ എക്സൈസ് വകുപ്പ് നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നുണ്ട്. ഇതിന്റെ ഭാഗമായി സ്കൂൾതലത്തിൽ 1298 ലഹരി വിരുദ്ധ ക്ലബ്ബുകളും കോളേജ് തലത്തിൽ 165 ലഹരി വിരുദ്ധ ക്ലബ്ബുകളും രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നു. ലഹരി വിരുദ്ധ ബോധവൽക്കരണ സെമിനാറുകൾ, ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസ്സുകൾ, സ്റ്റാളുകൾ, ലഘുലേഖ വിതരണം, ഘോഷയാത്ര, |

| | | | |
|---|---|---|---|
| | | | കൂട്ടയോട്ടം, ഉപന്യാസ മത്സരം, പ്രസംഗ മത്സരം, ഡോക്യുമെന്ററി പ്രദർശനം, സ്കൂൾ-കോളേജുകളിൽ ലഹരിവിരുദ്ധ ബോധവൽക്കരണം, കോളനികൾ കേന്ദ്രീകരിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ, സ്കൂൾ - കോളേജ് തലത്തിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരണം, ആദിവാസി പിന്നോക്ക മേഖലകളിൽ പ്രത്യേക പദ്ധതി പ്രകാരമുള്ള ബോധവൽക്കരണ പരിപാടികൾ, കെ.എസ്.ആർ.ടി.സി ബസ് സ്റ്റാന്റുകളിലും, റെയിൽവേ സ്റ്റേഷൻ എന്നിവിടങ്ങളിലെ സി.സി.ടി.വി വഴിയുള്ള ബോധവൽക്കരണം, റെയിൽവേ സ്റ്റേഷനുകളിലെ ബോധവൽക്കരണ അനൗൺസ് മെന്റ്, ദൃശ്യ-ശ്രവ്യ അച്ചടി മാധ്യമങ്ങളിലൂടെയുള്ള ബോധവൽക്കരണം, കോളേജ് വിദ്യാർത്ഥികൾ ക്കിടയിൽ ക്വിസ് മത്സരം, എക്സൈസ് ഉദ്യോഗസ്ഥർക്ക് ബോധവൽക്കരണ പരിശീലന ക്ലാസ്സുകൾ തുടങ്ങിയവയാണ് മദ്യാസക്തിക്കെതിരായ ബോധവൽക്കരണം നടപ്പാക്കുന്നതിന് ആസൂത്രണം ചെയ്തിരിക്കുന്ന പരിപാടികൾ. |
| (ഡി) | സന്നദ്ധ – സംഘടനകൾ, സർക്കാർ മാധ്യമങ്ങൾ എന്നിവയുടെ പങ്കാളിത്തവും സഹകരണവും പ്രസ്തുത പരിപാടിക്ക് പ്രയോജനപ്പെടുത്തുമോ ? | (ഡി) | സന്നദ്ധ സംഘടനകളുടേയും നാഷണൽ സർവ്വീസ് സ്കീം, സ്റ്റുഡന്റ് പോലീസ് കേഡറ്റ്, കുടുംബശ്രീ, റസിഡന്റ്സ് അസോസിയേഷൻ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ ഏജൻസികൾ, വിവിധ സർക്കാർ വകുപ്പുകൾ എന്നിവയുടെ സഹകരണത്തോടുകൂടിയാണ് ഇത്തരം പ്രവർത്തനങ്ങൾ നിലവിൽ നടത്തിവരുന്നത്. |

സെക്ഷൻ ഓഫീസർ